LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

1985 ജൂലായ് 30, ചൊവ്വ

വാല്യം LXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 19

നിയമസഭ 1985 ജൂലായ് 30-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മിസ്റ്റർ സ്പീക്കർ: ഓർഡർ, ഓർഡർ ചോദ്യം 426.

വീഡിയോ ക്ലബ്ബുകളും വീഡിയോ ഫിലിമുകളും

*426. ശ്രീ. പി. സി. ജോർജ്:

" കോട്ടക്കുഴി സുകുമാരൻ:

" ഇ. ജെ. ലൂക്കോസ്:

" വി. സുരേന്ദ്രൻപിള്ള:

" ലോനപ്പൻ നമ്പാടൻ: *താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീഡിയോ ക്ലബ്ബുകളും, വീഡിയോ ഫിലിമുകളും കേരളത്തിൽ ധാരാളമായി ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(സി) വീഡിയോ കാസറ്റുകൾ വ്യാപാരാടിസ്ഥാനത്തിൽ സ്വകാര്യമായി പ്രദർശിപ്പിക്കുന്നതു തടയാൻ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഉണ്ട്. (ബി), (സി) സിനിമാട്ടോഗ്രാഫ് ആക്ടിന്റെയും കേരള സിനിമാ റെഗുലേഷൻസ് ആക്ടിന്റെയും നിയന്ത്രണത്തിൽ വരുന്നതാണ് വീഡിയോ ക്ലബ്ബുകൾ വഴിയുള്ള ഫിലിം പ്രദർശനം. ഈ ആക്ടുകളും ചട്ടങ്ങളും കർശനമായി നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി പ്രത്യേക നിയമനിർമ്മാണം ആവശ്യമില്ല.

ശ്രീ. പി. സി. ജോർജ് : സിനിമാ നിർമ്മാതാക്കളുടെ അനുവാദമില്ലാതെ വീഡിയോ കാസറ്റുകൾ ഇതുപോലുള്ള ക്ലബ്ബുകളിൽ പണം വച്ച് പ്രദർശിപ്പിക്കുന്നതായി ചലച്ചിത്ര പരിഷത്തിന്റെയോ മറ്റ് ഏതെങ്കിലും സംഘടനയുടേയോ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കരുണാകരൻ : പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ചില നിർദ്ദേശങ്ങൾ നൽകാൻ തീരുമാനം എടുത്തിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ് : ജില്ലാ ആസ്ഥാനങ്ങളിലെ പോലീസ് ഉദ്യോഗസ്ഥന്മാർ ജില്ലാ ആഫീസറന്മാരേയും മറ്റ് എല്ലാ ഉദ്യോഗസ്ഥന്മാരേയുംകൂടി കൂട്ടി വീഡിയോ ചിത്രങ്ങളുടെ കൂട്ടത്തിൽ നീല ചിത്രങ്ങൾകൂടി പ്രദർശിപ്പിച്ച് ആനന്ദിക്കുന്നതായി ഗവൺമെന്റിന്റെ മുമ്പിൽ (മുഖ്യമന്ത്രി അടക്കം) ആരെങ്കിലും പരാതി പറയുകയോ എഴുതി തരുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ : ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ഇ. ജെ. ലൂക്കോസ് : വീഡിയോ ക്ലബ്ബുകൾ മുഖേന ഫിലിം പ്രദർശിപ്പിക്കുന്നത് അന്വേഷിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ? വീഡിയോ ക്ലബ്ബുകൾ ഫിലിം പ്രദർശിപ്പിക്കുന്ന അവസരത്തിൽ ബ്ലൂ ഫിലിം കാണിക്കുന്നുവെന്നുള്ള പരാതിയുണ്ട്, അത് പരിശോധിക്കുന്നതിനുള്ള നടപടികൂടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ : ഇങ്ങനെയുള്ള പരാതി പൊതുവേ ഉണ്ടായിട്ടുണ്ട്; അതനുസരിച്ച് കർശനമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് നിർദ്ദേശം കൊടുത്തിരുന്നു. എറണാകുളത്തും തിരുവനന്തപുരത്തും റെയിഡ് ചെയ്ത് കേസെടുത്തിട്ടുണ്ട്.

ശ്രീ. വി. സുരേന്ദ്രൻപിള്ള : നമ്മുടെ നാട്ടിൽ അടിക്കടി വീഡിയോ ക്ലബ്ബുകൾ പെരുകുന്നതുമൂലം സിനിമാവ്യവസായത്തിൽ വലിയ തകരാറ് സംഭവിച്ചിട്ടുള്ളതായി സിനിമാ വ്യവസായികൾ ഗവൺമെന്റിന് എന്തെങ്കിലും നിവേദനം തന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : ടെലിവിഷൻ വന്നതോടുകൂടി ഈ പ്രവണത വർദ്ധിച്ചതായിട്ടാണ് കാണുന്നത്. ഇതുസംബന്ധിച്ച് സിനിമാ നിർമ്മാതാക്കളുടെ പരാതി കിട്ടിയിട്ടുണ്ട്. പക്ഷെ ഇത് നിയന്ത്രിക്കാൻ നമുക്ക് ഇപ്പോൾ അധികാരമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ : ജവഹർനഗറിനടുത്ത് വെള്ളയമ്പലത്തിൽ ഒരു കാസറ്റ് സെന്ററിൽ നിന്നും റെയിഡ് നടത്തി പിടിച്ചെടുത്ത നീലചിത്രങ്ങളുടെ കാസറ്റുകൾ ഉന്നതന്മാരായ പോലീസ് ഉദ്യോഗസ്ഥന്മാരുടേയും ചില രാഷ്ട്രീയനേതാക്കന്മാരുടെയും നിർബന്ധംമൂലം തിരിച്ചുകൊടുത്തതായ വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ : ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ : നീലചിത്രങ്ങളുടെ കാസറ്റുകൾ പിടിച്ചെടുത്ത തിരുവനന്തപുരത്തെ മറ്റ് അഞ്ച് കേന്ദ്രങ്ങളുടെയും പേരിൽ കേസെടുക്കുകയും വെള്ളയമ്പലത്തെ കേന്ദ്രത്തിന്റെ പേരിൽ മാത്രം കേസെടുക്കാതിരിക്കുകയും ചെയ്തതിന്റെ കാരണം പറയാമോ ?

ശ്രീ. കെ. കരുണാകരൻ : ചില കേസുകളിൽ റെയിഡ് ചെയ്ത് നടപടി നടത്തിയ കാര്യം ഞാൻ പറഞ്ഞു. അല്ലാത്ത കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ലെന്നും ഞാൻ പറഞ്ഞു.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : നമ്മുടെ രാജ്യത്ത് ഇപ്പോൾ വീഡിയോ ക്ലബ്ബുകൾ എത്രയെണ്ണം ഉണ്ട്; ഇത് ഏതെങ്കിലും നിയമത്തിനനുസരണമായിട്ടാണോ പ്രവർത്തിക്കുന്നത്; ടൗണുകളിലും മറ്റും ഇത്തരം ക്ലബ്ബുകൾ നടത്തി നീലചിത്രങ്ങൾ പ്രദർശിപ്പിച്ച് ആയിരക്കണക്കിന് രൂപ സമ്പാദിക്കുന്ന ഏർപ്പാട് ഉണ്ടെന്നതിനെപ്പറ്റി പോലീസ് വഴിയുള്ള അന്വേഷണം കൂടാതെ ഗൗരവമായ എന്തെങ്കിലും ഒരു സംവിധാനം ഏർപ്പെടുത്തി ഇതിനെക്കുറിച്ച് അന്വേഷണം നടത്തി നിയന്ത്രിക്കാനുള്ള സംവിധാനം ഉണ്ടാക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഇത് വലിയ പരാതിക്ക് ഇടയായിട്ടുള്ള കാര്യമാണ്, ആക്ഷേപാർഹമായിട്ടുള്ള കാര്യവുമാണ്. എങ്കിലും Kerala places of Public Resort ആക്ടനുസരിച്ചാണ് ലൈസൻസ് എടുത്തിട്ടുള്ളത് (നാല് നഗരങ്ങളിലെ വിവരമാണിത്) പക്ഷെ അത് നിയമവിരുദ്ധമാണ്. ഇത് നിയമവിരുദ്ധമാണെന്നും നേരെമറിച്ച് സിനിമാട്ടോഗ്രാഫ് ആക്ടനുസരിച്ചുള്ള ലൈസൻസ് എടുത്ത് നടത്തേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്, അല്ലാതെ നടത്തുന്ന കേസുകളിൽ കർശനമായ നടപടികൾ സ്വീകരിക്കാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : വീഡിയോ കാസറ്റുകൾ വിൽക്കുന്ന സ്ഥലങ്ങൾക്കും വീഡിയോ ക്ലബ്ബുകൾക്കും എന്തെങ്കിലും നിയന്ത്രണം ഉണ്ടോ ? ആർക്കു വേണമെങ്കിലും ഒരു കടയിൽ വീഡിയോ കാസറ്റുകൾ വിൽക്കാം. ഗവൺമെന്റ് ഇക്കാര്യത്തിൽ നിയന്ത്രണം പാലിക്കുകയോ നിയമവിധേയമാക്കുകയോ ചെയ്യുമോ? ഇതാണ് ഇവിടെ നീലചിത്രങ്ങൾ ധാരാളമായി ലഭ്യമാക്കാൻ അവസരം ഉണ്ടാക്കുന്നത്.

ശ്രീ. കെ. കരുണാകരൻ : കാസറ്റ് വിൽപ്പനക്ക് നിയമപരമായ നിയന്ത്രണമൊന്നുമില്ല. നിയന്ത്രണം ഏർപ്പെടുത്തുന്നതത്ര സഹായകരമാകുമെന്നും കരുതുന്നില്ല. ഏതായാലും നീലചിത്രങ്ങളെ സംബന്ധിച്ചിടത്തോളം കർശനമായ നടപടികൾ സ്വീകരിക്കണമെന്ന് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. കാനം രാജേന്ദ്രൻ : 'സി' ചോദ്യത്തിനുത്തരമായി പുതിയ നിയമനിർമ്മാണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നില്ലായെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. സിനിമാട്ടോഗ്രാഫ് ആക്ടിലും കേരള സിനിമാ റെഗുലേഷൻസ് ആക്ടിലും ഒരു ഭേദഗതി കൊണ്ടുവന്ന് ടിക്കറ്റ് വച്ച് വീഡിയോ ചിത്രങ്ങൾ നടത്തുന്നത് നിരോധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? ആന്ധ്രാ ഗവൺമെന്റ് സിനിമാട്ടോഗ്രാഫ് ആക്ടിൽ ഒരു ഭേദഗതി കൊണ്ടുവരുകയും അതിന്റെ അടിസ്ഥാനത്തിൽ വീഡിയോ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തതിന്റെ വെളിച്ചത്തിൽ ആ വിധത്തിലൊരു നടപടി സ്വീകരിച്ച് സിനിമാ വ്യവസായത്തെ രക്ഷിക്കാൻവേണ്ട സഹായം ചെയ്യുമോ?

ശ്രീ. കെ. കരുണാകരൻ : ആന്ധ്രായിലും തമിഴ്നാട്ടിലും കർണ്ണാടകത്തിലും ഇങ്ങനെയുള്ള നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്, ഏതായാലും ഈ കാര്യം ഗവൺമെന്റ് പരിശോധിക്കാം.

ശ്രീ. തോമസ് കല്ലംപള്ളി : കസ്റ്റംസുകാർ ലേലം ചെയ്യുന്ന കാസറ്റുകളിലാണ് ഏറ്റവും കൂടുതൽ നീലചിത്രങ്ങളുള്ളതെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കസ്റ്റംസുകാർ ലേലം ചെയ്യുന്ന കാസറ്റുകൾ നീലചിത്രമാണോ അല്ലയോ എന്നു പരിശോധിക്കാതെ ലേലം ചെയ്യുന്ന ഏർപ്പാട് നിർത്താൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കരുണാകരൻ : ആരും ഇത് ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല, പിന്നെ അന്വേഷിക്കാറുമില്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : ഇത്തരം നീലചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും പോലീസിന്റെ സഹായത്തോടും അറിവോടുംകൂടിയാണ് നടത്തുന്നതെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തോപ്പുംപടിയിൽ ഇത്തരമൊരു ക്ലബ്ബിൽ നടത്തിയ പ്രദർശനത്തിലെ പരാതിയെത്തുടർന്ന് കേസെടുത്തതിനുശേഷം ആ കേസ് പിൻവലിച്ചതായി കേൾക്കുന്നത് ശരിയാണോ?

ശ്രീ. കെ. കരുണാകരൻ : പൊതുവായി ഇങ്ങനെ ഉന്നയിക്കുന്നതിനുപകരം മെമ്പറുടെ ശ്രദ്ധയിൽപെട്ടകാര്യം അറിയിക്കുകയാണെങ്കിൽ തീർച്ചയായും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. പി. പി. തങ്കച്ചൻ : സിനിമാ തിയേറ്ററുകൾ നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ആവശ്യമാണെന്നതുപോലെ വീഡിയോ ക്ലബ്ബുകൾ നടത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

മാണെന്ന് നിർബന്ധിക്കുകയും അതുപോലെ അത് പരിശോധിക്കുകയും ചെയ്യുന്നതിനുള്ള അവസരം (ലൈസൻസ് ഇല്ലാത്തത് നിരോധിക്കാനും മറ്റ് കാര്യങ്ങൾ പരിശോധിക്കാനുമുള്ള അവസരം) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : ഇപ്പോൾതന്നെ ഇതുസംബന്ധിച്ച് ലൈസൻസ് വേണമെന്നുള്ള വ്യവസ്ഥയുണ്ട്. 1984-ൽ ഇഷ്യൂ ചെയ്തിട്ടുള്ള റൂളനുസരിച്ച് ലൈസൻസ് എടുക്കണമെന്നു മാത്രമല്ല അതിന്റെ നമ്പർ കാസറ്റിന്റെ പുറത്ത് അടയാളപ്പെടുത്തണമെന്നും വ്യവസ്ഥയുണ്ട്.

ശ്രീ. ജോസ് കുറ്റിയാനി : കേരളത്തിലെ പല പ്രധാനപ്പെട്ട പട്ടണങ്ങളിലും ടി. വി.-യും വി. സി. ആർ.-ഉം ഘടിപ്പിച്ചിട്ടുള്ള എയർകണ്ടീഷൻഡ് ടൂറിസ്റ്റ് കോച്ചുകളിൽ നീലചിത്രങ്ങൾ കാണാൻ താൽപ്പര്യമുള്ള ആളുകളെകൊണ്ട് ടിക്കറ്റ് എടുപ്പിച്ച് കയറ്റി ആ ഫിലിം തീരുന്നതുവരെ വണ്ടി ഓടിച്ച് പ്രദർശിപ്പിക്കുന്നതിന് പല സ്ഥലങ്ങളിലും പോലീസ് സംരക്ഷണം കൊടുക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : ശ്രദ്ധയിൽപ്പെടുത്തുന്നതിനൊക്കെ ഗവൺമെന്റ് നടപടി സ്വീകരിക്കും. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ഇത് ശ്രദ്ധയിൽപ്പെടുത്തിയാൽ തീർച്ചയായും നടപടി എടുക്കാം.

ശ്രീ. എ. വി. താമരാക്ഷൻ : നീലചിത്രമെന്നു പറയുന്നത് നീലകളറിലുള്ള ചിത്രമായതുകൊണ്ടാണോ; എന്താണ് നീലചിത്രം എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർക്കുള്ള വിവരംപോലും എനിക്കില്ല.

ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും വിതരണം ചെയ്യുന്ന പദ്ധതി

*427. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ :
„ കെ. പി. പ്രഭാകരൻ :
„ കെ. വി. സുരേന്ദ്രനാഥ് :
„ വി. കെ. രാജൻ :
„ പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ജില്ലാ സഹകരണബാങ്ക് മുഖേന ഹരിജനങ്ങളായ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും വിതരണം ചെയ്യുന്ന പദ്ധതിയനുസരിച്ച് ഇതുവരെ എത്രപേർക്ക് വള്ളവും വലയും വിതരണം ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly